പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 63

12/12/2012-ൽ മറുപടിയ്ക്കു്

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ലേലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. വി. ശശി | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകൾ ഉൾപ്പെടെയുള്ളവ ലേലം ചെയ്തു നൽകാറുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽപ്പെട്ടവയാണ് ലേലം ചെയ്തു നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകൾക്ക് പ്രത്യേക കരാർ ഏർപ്പെടുത്താറില്ല. എന്നാൽ ക്ഷേത്രാചാരങ്ങൾക്ക് പുറമെയുള്ള ചില അവകാശങ്ങൾക്ക്, അതായത് നാളികേര ശിഷ്ഠം എടുക്കുന്നതിനുള്ള അവകാശം, പനിനീർ, ശാമ്പ്രാണി എന്നിവ വിൽക്കുന്നതിനുള്ള അവകാശം, ചെരുപ്പ് സൂക്ഷിക്കുന്നതിനുള്ള അവകാശം തുടങ്ങിയവ ലേലം ചെയ്ത് നൽകുന്നുണ്ട്. |
| ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ശബരിമലയിൽ വർഷം തോറും ലേലം നടക്കാറുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ലേലം ചെയ്ത് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | ശബരിമലയിൽ നാളികേരം എടുക്കുന്നതിനുള്ള അവകാശം, വെടി കുത്തക, ഹോട്ടലുകൾ, സ്റ്റാളുകൾ, എസ്.ടി.ഡി. ബൂത്തുകൾ, കംഫർട്ട് സ്റ്റേഷനുകൾ, വിരി ഷെഡുകൾ തുടങ്ങിയവ നടത്തുന്നതിനുള്ള അവകാശം എന്നിവ ലേലം ചെയ്തു നൽകാറുണ്ട്. |
| സി) | ഈ സീസണിലെ ലേലത്തുക മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണോ; കുറവാണോ; കുറവാണെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | സി) | കൂടുതലാണ്. മുൻ വർഷം ലേല തുക 24,40,34,323/- രൂപയായിരുന്നു. എന്നാൽ തൻവർഷം ഈ ഇനത്തിൽ 26,11,93,068/- രൂപ ലഭിച്ചു. |
| ഡി) | ശബരിമലയിൽ ഭക്തജനങ്ങൾക്ക് വിതരണം ചെയ്ത ഉണ്ണിയപ്പത്തിൽ പൂപ്പൽ ഉൾപ്പെടെയുള്ള വിഷാംശം കലർന്ന സംഭവത്തിൽ ദേവസ്വം ബോർഡും സർക്കാരും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഡി) | വിവിധ ലാബുകളിൽ പരിശോധിച്ചതിൽ ഉണ്ണിയപ്പത്തിൽ വിഷാംശം ഉണ്ടായിരുന്നതായി കാണുന്നില്ല. പൂപ്പൽ ബാധിച്ചതും ആ ബാച്ചിൽപ്പെട്ടതുമായ മുഴുവൻ അപ്പങ്ങളും വിതരണം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉണ്ണിയപ്പം കേടുകൂടാതെ നിർമ്മിച്ചു സൂക്ഷി |

| | | | |
|---|---|---|---|
| | | | ക്കുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻെറ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എഫ്.ടി.ആർ.ഐ. യുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതാണ്. |
| ഇ) | ഉണ്ണിയപ്പത്തിൽ വിഷാംശം കലർന്നിട്ടുണ്ടെന്ന സി.എഫ്.ആർ.ഡി ലാബിലെ കണ്ടെത്തൽ അംഗീകരിക്കുന്നുണ്ടോ; | ഇ) | സി.എഫ്.ആർ.ഡി. ലാബിൻെറ പരിശോധനയിൽ വിഷാംശം കലർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| എഫ്) | ഭക്ത ജനങ്ങളെ പരിഭ്രാന്തരാക്കാൻ ശബരിമല കേന്ദ്രീകരിച്ച് ഗൂഢാലോചന നടക്കുന്നു എന്ന ദേവസ്വം ബോർഡ് പ്രസിഡൻറിൻെറ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എഫ്) | ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ദേവസ്വം ബോർഡ് വിജിലൻസ് പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ